(സി) സർവകലാശാലയുടെ ശുപാർശകളിന്മേൽ സർക്കാർ ആലപ്പുഴ ജില്ലയിൽ ഏതെല്ലാം കോളേജുകളിലാണ് മാതൃഭാഷയിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിലെ ഒരു കോളേജിലും മാതൃഭാഷയിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ പോരായ്മ നീക്കാൻ അടുത്ത തവണ മാതൃഭാഷയിൽ ബിരുദാനന്തര കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബിരുദാനന്തര കോഴ്സ് തുടങ്ങുന്നതിനായി 1996-97-ൽ എം.എസ്.എം. കോളേജ് കായംകുളം, എസ്.ഡി. കോളേജ് ആലപ്പുഴ, 1997-98-ൽ എസ്.എൻ. കോളേജ് ചേർത്തല, എസ്.ഡി. കോളേജ് ആലപ്പുഴ, 1998-99-ൽ എസ്.ഡി. കോളേജ് ആലപ്പുഴ, ബിഷപ്പ്മൂർ കോളേജ് മാവേലിക്കര, 1999-2000-ൽ എം.എസ്.എം. കോളേജ് കായംകുളം, ബിഷപ്പ്മൂർ കോളേജ് മാവേലിക്കര, എസ്.ഡി. കോളേജ് ആലപ്പുഴ എന്നിവയും ബിരുദ കോഴ്സിനായി 1999-2000-ൽ സെന്റ് മൈക്കേൽസ് കോളേജ് ചേർത്തല എന്നീ കോളേജുകൾ അപേക്ഷ നൽകിയിരുന്നു.

(ബി) 1996-97 എസ്.ഡി. കോളേജ് ആലപ്പുഴ (ബിരുദാനന്തര ബിരുദം), 1997-98 എസ്.എൻ. കോളേജ് ചേർത്തല, എസ്.ഡി. കോളേജ് ആലപ്പുഴ (ബിരുദാനന്തര ബിരുദം) 1998-99 എസ്.ഡി. കോളേജ് ആലപ്പുഴ, ബിഷപ്പ്മൂർ കോളേജ് മാവേലിക്കര (ബിരുദാനന്തര ബിരുദം) 1999-2000 എസ്.ഡി. കോളേജ് ആലപ്പുഴ, ബിഷപ്പ്മൂർ കോളേജ് മാവേലിക്കര (ബിരുദാനന്തര ബിരുദം) സെന്റ് മൈക്കേൽസ് കോളേജ് ചേർത്തല (ബിരുദ കോഴ്സ്)

(സി) ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര, എം.എസ്.എം. കോളേജ് കായംകുളം, എസ്.എൽ.എസ്. കോളേജ് ചേർത്തല, എസ്.എൻ. കോളേജ് ചേർത്തല, എസ്.ഡി. കോളേജ് ആലപ്പുഴ എന്നിവിടങ്ങളിൽ മലയാളം ബിരുദകോഴ്സ് നേരത്തേതന്നെ അനുവദിച്ചിട്ടുണ്ട്.

(ഡി) മാതൃഭാഷയിൽ ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സർവകലാശാലയുടെ ശുപാർശ ലഭിച്ചാൽ വേണ്ട നടപടി സ്വീകരിക്കുന്ന താണ്.

പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും നീക്കം ചെയ്യുന്നതിനെതിരെ സമരം

126 (1261) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സിനെ കോളേജുകളിൽ നിന്നും നീക്കം ചെയ്യാൻ മുൻസർക്കാർ നടപടി സ്വീകരിക്കുകയുണ്ടായോ ;

(ബി) അതിനെതിരെ സംസ്ഥാനത്ത് സമരം നടക്കുകയുണ്ടായോ ; ആരെല്ലാമാണ് സമരം നടത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രീഡിഗ്രി കോഴ്സ് വേർപെടുത്തൽ എന്നത്തേയ്ക്ക് പൂർത്തിയാകും ;

(ഡി) പ്ളസ് ടൂ കോഴ്സുകൾ നടപ്പാക്കിയ സ്കൂളുകളിൽ കെട്ടിടം, ലാബ്, ഫർണിച്ചറുകൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അവ എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കും ?

ഉത്തരം

(എ) നടപടി സ്വീകരിക്കുകയുണ്ടായി.

(ബി) ചില വിദ്യാഭ്യാസ വകുപ്പു ജീവനക്കാരും കോളേജ് അദ്ധ്യാപകരും വിദ്യാർത്ഥികളും സമരം നടത്തുകയുണ്ടായി.

(സി) പ്രീഡിഗ്രി കോഴ്സ് 2000-2001 അദ്ധ്യയനവർഷത്തിൽ കോളേജുകളിൽ നിന്നും പൂർണ്ണമായി വേർപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) പ്ളസ് ടൂ കോഴ്സുകൾ ഏർപ്പെടുത്തിയ ഗവൺമെന്റ് സ്കൂളുകളിൽ ലാബോറട്ടറി, ലൈബ്രറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിടം, ഫർണിച്ചർ തുടങ്ങിയ സൗകര്യങ്ങൾ ഉള്ളയിടങ്ങളിലാണ് പ്ളസ് ടൂ അനുവദിച്ചിരിക്കുന്നത്.

പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിതലത്തിൽ നിന്നും വേർപ്പെടുത്തുവാനുള്ള നടപടികൾ

127 (1262) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിതലത്തിൽ നിന്നും വേർപ്പെടുത്തുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും വെളിപ്പെടുത്തുമോ ;

(ബി) 2000-2001 അദ്ധ്യയന വർഷം പുതിയതായി പ്ളസ് ടൂ കോഴ്സുകൾ ആരംഭിക്കുവാനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം സ്കൂളുകളിലാണ് പ്ളസ്ടൂ കോഴ്സാരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) 1996-നു ശേഷം സംസ്ഥാനത്ത് ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് തലത്തിൽ എന്തെല്ലാം കോഴ്സുകൾ ഏതെല്ലാം കോളേജുകളിൽ ആരംഭിക്കാൻ അനുമതി നൽകിയെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2000-2001 അദ്ധ്യയനവർഷത്തോടുകൂടി പ്രീഡിഗ്രി വേർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly